## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1470** | **10.02.2020 ൽ മറുപടിയ്ക്ക്**

**നെന്മാറ മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി**

| **ചോദ്യം**<br>**ശ്രീ.കെ. ബാബു** | | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമടയിൽ അനുവദിച്ച മാംഗോ ഹബ്ബിന്റെ പ്രവർത്തനം ഏത് ഘട്ടംവരെയായെന്ന് വിശദമാക്കാമോ;<br><br>ബി) മാംഗോ ഹബ്ബിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>സി) മാംഗോ ഹബ്ബുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | എ)<br>&<br>ബി)<br>&<br>സി) | നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമടയിൽ എം.ഐ.ഡി.എച്ച്. ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ എന്നീ നാലു പദ്ധതികളിലായി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ കീഴിൽ 700 ലക്ഷം രൂപയുടെ മാവു കൃഷി വികസനത്തിനായുള്ള പൈലറ്റ് പ്രോജക്റ്റ് നടപ്പിലാക്കി വരുകയാണ്. മുതലമടയിലേയും പദ്ധതിയിലുൾപ്പെട്ട അനുബന്ധ പഞ്ചായത്തുകളിലേയും മാവു കർഷകരിൽ നിന്നും മാങ്ങ ശേഖരിച്ച് വേർതിരിച്ച് സംഭരിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പാക്ക് ഹൗസ് സ്ഥാപിക്കുവാനുള്ള പദ്ധതിയാണ് മാംഗോ അഗ്രോ പാർക്ക്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്-ൽ നിന്നും 20 കോടി രൂപ ലഭ്യമാക്കി നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ സ്പെഷ്യൽ പർപസ് വെഹിക്കിൾ ആയി ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ പ്രാഥമിക സ്ഥല പരിശോധന സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ നടത്തിയിട്ടുമുണ്ട്.<br>മാംഗോ ഹബ്ബിന് സ്ഥലസൗകര്യങ്ങൾ പ്രത്യേകമായി ആവശ്യമായി വരുന്നില്ല. മാംഗോ അഗ്രോ പാർക്കിന് ആവശ്യമായ സ്ഥലം സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ കണ്ടെത്തിയിട്ടുണ്ട്.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നിന്നും നീക്കി വച്ചിരിക്കുന്ന 7 കോടി രൂപയിൽ നിന്നും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം മാവ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപ കർഷകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 25,78,804/- രൂപയുടെ ഭൗതിക ലക്ഷ്യവും കൈവരിച്ചിട്ടുണ്ട്. |

Maya

**സെക്ഷൻ ഓഫീസർ**